**Talented Bankers Literary Panel - പുസ്തകപരിചയം 62**

പുസ്തകം പരിചയപ്പെടുത്തുന്നത്
ശശിധരൻ
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
അങ്ങാടിപ്പുറം ശാഖ.

## മഹാരാജാസ് അഭിമന്യു
## ജീവിതക്കുറിപ്പുകൾ (ഓർമ്മകൾ)
## സൈമൺ ബ്രിട്ടോ

ഇനി വായനക്കാരുടെ സമക്ഷം ഞാനീ പുസ്തകം നിവർത്തി വക്കുന്നു. മുള്ളും മലരും കൈ നീട്ടി സ്വീകരിക്കാൻ ഒരുക്കമാണ്.

മതരാഷ്ട്രവാദം നശിക്കട്ടെ
വർഗ്ഗീയത തുലയട്ടെ.

കുയിലുകൾ നിർത്താതെ പാടുകയും നവവസന്തം സ്വപ്നം കാണുകയും പ്രപഞ്ചപ്രണയവും അക്ഷരങ്ങളും പ്രണയകവിയെ പോലെ നെഞ്ചിലേറ്റി അവൻ നടന്നു. അവൻ നടന്ന വഴികളിലെല്ലാം അവൻ നിറഞ്ഞു നിന്നു. അവന്റെ സ്നേഹത്തിനും മന്ദഹാസത്തിനും മുൻപിൽ ക്രോധത്തിന്റെ ഉത്തുംഗമായ തിരമാലകൾ തലതാഴ്ത്തി. മാനവികതയുടെ മഹാമേരുക്കൾ അവനിൽ സംഗീത മന്ത്രം ചൊരിഞ്ഞു. രാത്രി നക്ഷത്രങ്ങൾ എന്നും അവനെ ആകാശത്തേക്ക് കൈമാടി വിളിക്കുമായിരുന്നു. അവൻ ശൂന്യമായ ഇരുകൈകളും വിടർത്തി നക്ഷത്ര തിളക്കങ്ങളോട് പറഞ്ഞു. ഞാനീ ഭൂമിയിലെ സ്നേഹ സുഗന്ധങ്ങൾ മുഴുവൻ എന്റെ നെഞ്ചകത്തേക്കൊന്നു വലിച്ചോട്ടെ. പക്ഷേ ഒരിടവേള പോലും അവശേഷിച്ചില്ല. മൂന്നേ മൂന്നു മിനിറ്റ് മാത്രം. ചങ്കു പിളർന്നവൻ തെരുവിൽ വീണു. അവൻ ആകാശത്തിലെ അണയാത്ത രക്തനക്ഷത്രമായി മാറി. കൊടുംപാതകങ്ങൾക്ക് നടുവിലും പ്രതീക്ഷവറ്റാത്ത അനന്തസാഗരം പോലെ അവൻ നമ്മെ മുന്നോട്ടു നീക്കുന്നു.

രക്തസാക്ഷി അഭിമന്യുവിനു ഈ പുസ്തകത്താളുകളും അക്ഷരങ്ങളും സമർപ്പിക്കുന്നു.

സൈമൺ ബ്രിട്ടോ

മഹാരാജാസ്, അഭിമന്യു - ജീവിതകുറിപ്പുകൾ രക്തസാക്ഷിക്കുമുന്നിൽ ജീവിക്കുന്ന രക്തസാക്ഷി അർപ്പിക്കുന്ന ചുവന്ന പൂക്കൾ. പുസ്തകം പുറത്ത് വരുമ്പോൾ സൈമൺ ബ്രിട്ടോ എന്ന പോരാളി ലോകത്തോട് വിടപറഞ്ഞു കഴിഞ്ഞു. ഒരു പക്ഷേ സൈമൺ ബ്രിട്ടോയുടെ വേഗത്തിൽ ഉള്ള വിടവാങ്ങൽ അഭിമന്യു വിന്റെ രക്തസാക്ഷിത്വം സൃഷ്ടിച്ച ആത്മനൊമ്പരങ്ങളാവാം. അത്രമേൽ പ്രിയപ്പെട്ടവൻ ആയിരുന്നു അഭിമന്യു ബ്രിട്ടോയ്ക്ക്.

എറണാകുളത്തിന്റെ സർഗാത്മക യൗവനത്തിന്റെ സ്വപ്നഭൂമി, രാഷ്ട്രീയവും, കവിതയും, സിനിമയും സൗഹൃദവും നിത്യവും പുലരുന്ന മഹാരാജാസ് കോളേജിന്റെ രാഷ്ട്രീയ ജീവചരിത്രം കൂടിയാണ് ബ്രിട്ടോയുടെ ഓർമ്മകൾ.

നേരത്തെ പറഞ്ഞല്ലോ ഇത് ബ്രിട്ടോയുടെ മഹാരാജാസ് ഓർമ്മകൾ ആണെന്ന്. പക്ഷേ അഭിമന്യു എന്ന പേര് കടന്നു വരാത്ത ഒരു പുറം പോലും ഈ പുസ്തകത്തിൽ ഇല്ല എന്നു തന്നെ പറയാം. ആ മുൻ തലമുറ വിദ്യാർത്ഥിനേതാവിനെ മഹാരാജാസുമായി കൂടുതൽ ചേർത്തു നിർത്തുന്നത് അഭിമന്യു എന്ന രക്തനക്ഷത്രം തന്നെ. പഴയ ഓർമ്മകൾ അഭിമന്യുവിന് പറഞ്ഞ് കൊടുക്കുന്നത് പോലെ. അഭിമന്യു അല്ലെങ്കിൽ അഭിമന്യുവിന്റെ സഖാക്കൾ വഴിയാണ് ഇന്നിന്റെ മഹാരാജാസ് ക്യാമ്പസ് രാഷ്ട്രീയത്തിൽ ഇടപെടുന്നതും.

വട്ടവട എന്ന മലമുകളിലെ ഗ്രാമത്തിൽ നിന്നും ഓർഫനേജിൽ നിന്ന് പഠിച്ചു സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞു മോഹങ്ങളും സ്വപ്നങ്ങളുമായി നഗരത്തിലെ ഉന്നത കലാലത്തിൽ ഡിഗ്രീ പഠനത്തിനെത്തിയ ചെറുപ്പക്കാരൻ. ഹോട്ടലുകളിലെ എച്ചിൽ പാത്രം കഴുകിയും സിനിമ പോസ്റ്റർ ഒട്ടിച്ചും ജീവിതം മുന്നോട്ട് നീക്കുന്നു. അഭിമന്യു ഒരിക്കൽ ഫേസ്ബുക്കിൽ എഴുതി "ഞാൻ

മഹാരാജാസിലേക്ക് സായിപ്പിനെ പോലെ കാൽശരായി ധരിച്ചു വന്നു. ഒരു കോളേജ് വിദ്യാർത്ഥി മഹാരാജാസിലേക്ക് പാന്റ്സ് ധരിച്ചു വരുന്നത് അന്തസിന്റെ അടയാളം ആണെന്ന് ഞാൻ തെറ്റിദ്ധരിച്ചു. ഞാനത് മാറ്റി മുണ്ട് മാത്രം ധരിക്കാൻ തുടങ്ങി. ഞാൻ മാറുകയല്ലാ, മഹാരാജാസ് എന്നെ മാറ്റിമറിക്കുകയായിരുന്നു ". അതായിരുന്നു മഹാരാജാസ്, അവിടെ പണക്കാരൻ എന്നോ പാവപ്പെട്ടവൻ എന്നോ സവർണ്ണ ദളിത് വ്യത്യാസങ്ങളില്ല. അങ്ങനെ ഒരു കലാലയത്തിൽ autonomous ഭരണ സംവിധാനം കൊണ്ടുവരുന്ന ഏകാധിപത്യ പ്രവണത, അരാഷ്ട്രീയത, വർഗീയ സ്വീകാര്യത ഒക്കെ പരാമർശം ചെയ്യുന്നുണ്ട്.

നക്ഷത്രങ്ങളായ രക്തസാക്ഷികളുടെ ഓർമ്മകൾക്കു മുന്നിൽ ഒരു ചെമ്പനീർപൂ അർപ്പിക്കുന്നു.

പ്രസാധകർ - ഡി സി ബുക്ക്സ്

വില - Rs. 260/-